# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4658**

**23/7/2015**- ലെ മറുപടിക്ക്

**<u>"എന്റെ സംഘം "കാമ്പയിൻ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>,, എ.റ്റി. ജോർജ്<br>,, പി. എ മാധവൻ<br>,, കെ.മുരളീധരൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ "എന്റെ സംഘം" കാമ്പയിൻ നടത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെങ്കിലും ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തേയും , അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളികളാക്കേണ്ടതുണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ/ ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കുമോ; | സി) സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഈ കാമ്പയിനിൽ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങൾ ജീവനക്കാർ , ജീവനക്കാരുടെ സംഘടനകൾ സഹകാരികൾ എന്നിവരും സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ വകുപ്പിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിലുള്ള ഉദ്യോഗസ്ഥർ കൂടാതെ പൊതുജനങ്ങളുടെയും സഹകരണം ഉണ്ടായിട്ടുണ്ട്.<br><br>പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും വിലയിരുത്തലിനുമായി താലൂക്ക്തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ |

അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്),പി. എ. സി.എസ് അസോസിയേഷൻ താലൂക്ക്തല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്ക്തല യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും , അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായുള്ള കമ്മിറ്റിയും , ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്), സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറുമായുള്ള കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഡി) ഇതുവഴി സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

ഡി) പദ്ധതി പ്രകാരമുള്ള വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ പദ്ധതി കാലയളിവിൽ നിരവധി സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

Hyanyan

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | മാർഗ്ഗ നിർദ്ദേശങ്ങൾ/നടപടികൾ | പദ്ധതി കാലയളവിൽ നടപടി സ്വീകരിച്ച സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1. | സംഘം നിയമാവലി/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘം ആസ്ഥാനത്ത് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച സംഘങ്ങൾ | 1553 |
| 2. | അംഗത്വ രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടുള്ള സംഘങ്ങൾ | 1546 |
| 3. | സംഘത്തിൽ ദ്വയാംഗത്വം ഉള്ളവരെ കണ്ടെത്തി അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ച സംഘങ്ങൾ | 550 |
| 4. | തിരിച്ചറിയൽ കാർഡ് നൽകാൻ നടപടി സ്വീകരിച്ച സംഘങ്ങളുടെ എണ്ണം | 1334 |
| 5. | തിരിച്ചറിയൽ കാർഡ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ വരുത്തി കാലാനുസൃതമാക്കാൻ നടപടി സ്വീകരിച്ച സംഘങ്ങൾ | 1213 |
| 6. | ലാന്റ് രജിസ്റ്റർ കാലാനുസൃതമാക്കൽ നടപടി സ്വീകരിച്ച സംഘങ്ങൾ | 690 |
| 7. | വായ്പാ കുടിശ്ശിക ഈടാക്കുന്നതിനും. വായ്പകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനുമായി ക്യാമ്പയിൻ കാലയളവിൽ പ്രത്യേകമായി നടപടി സ്വീകരിച്ച സംഘങ്ങൾ | 1032 |
| 8. | ക്യാമ്പയിൻ കാലയളവിൽ റിസ്ക്ക് ഫണ്ടിൽ ചേർന്ന സംഘങ്ങൾ | 333 |
| 9. | കൃത്യമായി പൊതുയോഗം കൂടാത്ത സംഘങ്ങളിൽ പൊതുയോഗം ഇപ്പോൾ കൂടിയിട്ടുള്ള സംഘങ്ങൾ | 450 |
| 10. | ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കം ചെയ്ത സംഘങ്ങൾ | 473 |
| 11. | സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ പിൻവലിക്കാതിരുന്ന സംഘങ്ങളിൽ അവ പിൻവലിക്കുന്നതിന് ഇപ്പോൾ നടപടി സ്വീകരിച്ച സംഘങ്ങൾ | 224 |
| 12. | സർക്കാരിലേക്കുള്ള കുടിശ്ശിക അടച്ച സംഘങ്ങൾ | 224 |
| 13. | ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ച സംഘങ്ങൾ | 604 |
| 14. | ഫ്ളുയിഡ് റിസോർസ് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച സംഘങ്ങൾ, ഫ്ളൂയിഡ് റിസോർസ് രജിസ്റ്റർ കാലാനുസൃതമാക്കിയ സംഘങ്ങൾ | 1106 |
| 15. | റിസർവ് ഫണ്ട് അടയ്ക്കാനുള്ളതിൽ, തുക അടച്ച സംഘങ്ങൾ | 387 |

| | | |
|---|---|---|
| 16. | ജീവനക്കാരുടെ ജോലി വിഭജനം/സീറ്റ് മാറ്റം സംബന്ധിച്ച് നടപടി സ്വീകരിച്ച സംഘങ്ങൾ | 837 |
| 17. | ജീവനക്കാർക്ക് പരിശീലനം നൽകിയ സംഘങ്ങൾ | 641 |
| 18. | സെമിനാറുകൾ നടത്തിയ സംഘങ്ങൾ | 166 |
| 19. | ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ച സംഘങ്ങൾ | 354 |
| 20. | മികച്ച കർഷകന് അവാർഡ് നൽകുക, കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുക, സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുക, ലൈബ്രറികൾ കാര്യക്ഷമമാക്കുക എന്നീ നടപടികൾ സ്വീകരിച്ച സംഘങ്ങൾ | 417 |

സെക്ഷൻ ഓഫീസർ